**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 173** **12-02-2024 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ വഴി സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോ ഔട്ട്‌ലെറ്റുകളിൽ നിന്നും യഥാർത്ഥ ഉണഭോക്താക്കളല്ലാത്തവർ സാധനങ്ങൾ കൈപ്പറ്റുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | സപ്ലൈകോ വിൽപ്പനശാലകളിൽ നിന്നും റേഷൻ കാർഡ് മുഖേനയാണ് സബ്സിഡി സാധനങ്ങൾ നൽകി വരുന്നത്. നിലവിലുള്ള മാനദണ്ഡപ്രകാരം എല്ലാ റേഷൻ കാർഡ് ഉടമകളും സബ്സിഡി സാധനങ്ങൾ കൈപ്പറ്റുന്നതിന് അർഹരാണ്. റേഷൻ കാർഡ് ഉടമകളോ ടി കാർഡിൽ പേരുള്ള കുടുംബാംഗങ്ങളോ ആണ് സപ്ലൈകോ വിൽപ്പനശാലകളിൽ നിന്ന് സാധാരണ സബ്സിഡി സാധനങ്ങൾ വാങ്ങുന്നത്. എന്നാൽ പ്രായാധിക്യമുള്ളവർ, അംഗപരിമിതർ, ഗുരുതരമായ അസുഖങ്ങൾ മൂലം കിടപ്പിലായവർ എന്നിവർ തങ്ങളുടെ റേഷൻകാർഡ് വിശ്വസ്തരായ വ്യക്തികൾ വശം കൊടുത്തുവിട്ട് സബ്സിഡി സാധനങ്ങൾ ആവശ്യപ്പെടാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ സപ്ലൈകോ വിൽപ്പനശാലകളിലെ ബന്ധപ്പെട്ട ഓഫീസർ ഇൻ ചാർജ്ജ് നിജസ്ഥിതി പരിശോധിച്ച് സബ്സിഡി സാധനങ്ങൾ നൽകാറുമുണ്ട്. കൂടാതെ സപ്ലൈകോയുടെ വിജിലൻസ്, ആഡിറ്റ് വിഭാഗങ്ങൾ ഇത് സംബന്ധിച്ചുള്ള പരിശോധനകളും യഥാസമയം നടത്തി വരുന്നുണ്ട്.<br><br>സപ്ലൈകോ വിജിലൻസ് വിഭാഗം 2021 ഒക്ടോബർ മാസത്തെ വാർഷിക സ്റ്റോക്കെടുപ്പിനോടനുബന്ധിച്ച് നടത്തിയ പരിശോധനയിൽ, സബ്സിഡി സാധനങ്ങൾ നൽകുമ്പോൾ റേഷൻ കാർഡ് ഉടമകളുടെ നമ്പർ ദുരുപയോഗം ചെയ്തതുമായി ബന്ധപ്പെട്ട് 200 ഔട്ട് ലെറ്റുകളിലെ 142 ജീവനക്കാർക്ക് (ഓഫീസർ ഇൻ ചാർജ്ജ്) കാരണം കാണിക്കൽ നോട്ടീസ് നൽകുകയും തുടർന്ന് ബന്ധപ്പെട്ട ഓഫീസർ ഇൻ ചാർജ്ജ്മാരിൽ നിന്ന് ക്രമക്കേടിൽ കണ്ടെത്തിയ തുക FSSR (Free Sale |

| | | | |
|---|---|---|---|
| | | | Selling Rate) നിരക്കിൽ സപ്ലൈകോ അക്കൗണ്ടിൽ അടവാക്കിപ്പിച്ചിട്ടുള്ളതും, തുക അടയ്ക്കാതിരുന്ന ഓഫീസർ ഇൻ ചാർജ്ജ്മാർക്കെതിരെ തുടർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. |
| (ബി) | നിലവിൽ സബ്സിഡി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | സപ്ലൈകോ വിൽപ്പന ശാലകളിൽ നിന്ന് സബ്സിഡി സാധനങ്ങൾ വാങ്ങുന്നതിന് അസ്സൽ റേഷൻ കാർഡോ ഡിജിലോക്കറിൽ സൂക്ഷിച്ചിട്ടുള്ള റേഷൻ കാർഡോ ഹാജരാക്കേണ്ടതാണ്. ഓരോ റേഷൻകാർഡിനും പ്രതിമാസം അർഹമായ സബ്സിഡി വിഹിതം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം.

**സബ്സിഡി സാധനങ്ങളുടെ നിലവിലെ വിലയും ഒരു റേഷൻ കാർഡിന് പ്രതിമാസം അനുവദനീയമായ അളവും**

| ക്രമ നം. | ഇനം | നിലവിലെ സബ് സിഡി വില (രൂപ കി.ഗ്രാമിന്) [വെളിച്ചെണ്ണ ½ ലിറ്റർ വില ] | ഒരു റേഷൻ കാർഡിന് പ്രതിമാസം നൽകുന്ന അളവ് |
|---|---|---|---|
| 1 | ചെറുപയർ | 74 | 1 Kg |
| 2 | ഉഴുന്ന് ബോൾ | 66 | 1 Kg |
| 3 | വൻകടല | 43 | 1 Kg |
| 4 | വൻപയർ | 45 | 1 Kg |
| 5 | തുവര പരിപ്പ് | 65 | 1 Kg |
| 6 | മുളക് | 75 | ½ Kg |
| 7 | മല്ലി | 79 | ½ Kg |
| 8 | പഞ്ചസാര | 22 | 1 Kg |
| 9 | വെളിച്ചെണ്ണ ½ ലിറ്റർ | 46 | ½ Litre |
| 10 | ജയ അരി | 25 | എല്ലാ ഇനങ്ങളും ഉൾപ്പെടെ 10 Kg |
| 11 | കുറുവ അരി | 25 | |
| 12 | മട്ട അരി | 24 | |
| 13 | പച്ചരി | 23 | |

## വിശദീകരണക്കുറിപ്പ്

1. സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾ വഴി എല്ലാ റേഷൻ കാർഡുടമകൾക്കും വിൽപ്പന നടത്തിവരുന്നു. പൊതു വിപണിയേക്കാൾ 34% മുതൽ 71% വരെ വിലക്കുറവിലാണ് സപ്ലൈകോ ഈ 13 ഇനം സബ്സിഡി സാധനങ്ങൾ വിൽപ്പന നടത്തുന്നത്.
2. സപ്ലൈകോ സബ്സിഡി വിലയും പൊതു വിപണി വിലയും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | നിലവിലെ സബ് സിഡി വില (രൂപ കി.ഗ്രാമിന്) | പൊതു വിപണിവില (as on 22.01.2024 as per E and S Dept (per Kg)) | സപ്ലൈ കോ വിലയും പൊതു വിപണി വിലയും തമ്മിലുള്ള വ്യത്യാസം | വ്യത്യാസം % | ഒരു റേഷൻ കാർഡിന് പ്രതിമാസം നൽകുന്ന അളവ് |
|---|---|---|---|---|---|---|
| 1 | ചെറുപയർ | 74 | 143.29 | 69.29 | 48% | 1 Kg |
| 2 | ഉഴുന്ന് ബോൾ | 66 | 147.21 | 81.21 | 55% | 1 Kg |
| 3 | വൻകടല | 43 | 109.00 | 66.00 | 61% | 1 Kg |
| 4 | വൻപയർ | 45 | 120.21 | 75.21 | 63% | 1 Kg |
| 5 | തുവര പരിപ്പ് | 65 | 171.14 | 106.14 | 62% | 1 Kg |
| 6 | മുളക് | 75 | 262.14 | 187.14 | 71% | ½ Kg |
| 7 | മല്ലി | 79 | 120.00 | 41.00 | 34% | ½ Kg |
| 8 | പഞ്ചസാര | 22 | 43.00 | 21.00 | 49% | 1 Kg |
| 9 | വെളിച്ചെണ്ണ ½ ലിറ്റർ | 46 | 85.04 | 39.04 | 46% | ½ Litre |
| 10 | ജയ അരി | 25 | 45.46 | 20.46 | 45% | എല്ലാ ഇനങ്ങളും ഉൾപ്പെടെ 10 Kg |
| 11 | കുറുവ അരി | 25 | 45.22 | 20.22 | 45% | |
| 12 | മട്ട അരി | 24 | 51.36 | 27.36 | 53% | |
| 13 | പച്ചരി | 23 | 40.07 | 17.07 | 43% | |

3. ഈ സാധനങ്ങളുടെ വിൽപ്പന വില വർദ്ധിപ്പിക്കുകയില്ല എന്ന മുൻ സർക്കാർ നയത്തിനനുസൃതമായി 2016 മെയ് മാസം മുതൽ ഈ 13 ഇനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. നിലവിലെ സർക്കാരും ഈ നയം തുടരുന്നു.

4. ഇപ്രകാരം 13 ഇനം അവശ്യ വസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുതുമൂലം 2021 ഏപ്രിൽ മുതൽ 2023 ആഗസ്റ്റ് വരെ ഏകദേശം 1094.55 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.

5. പ്രതിമാസം ശരാശരി 35 ലക്ഷത്തിലധികം റേഷൻ കാർഡുടമകൾ ഈ സബ്സിഡി പദ്ധതി പ്രയോജനപ്പെടുത്തുന്നുണ്ട്.